**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 720 14/07/2014-ൽ മറുപടിയ്ക്ക്

# വിത്തു മുതൽ വിപണി വരെ എന്ന സമഗ്ര വികസന പദ്ധതി

ചോദ്യം
ശ്രീ. വി.പി. സജീന്ദ്രൻ
'' ടി. എൻ പ്രതാപൻ
,, ആർ. സെൽവരാജ്
,, എം.പി. വിൻസെന്റ്

മറുപടി
**ശ്രീ. കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) സംസ്ഥാനത്ത് വിത്ത് മുതൽ വിപണി വരെ എന്ന ഒരു സമഗ്ര വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദാംശങ്ങൾ വ്യക്തമാക്കാമോ;

സി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്; വിശദമാക്കുമോ;

ഡി) വിത്തു മുതൽ വിപണി വരെ എന്ന സമഗ്ര വികസന പദ്ധതി വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

എ) ബി) സി) & ഡി) വിത്ത് മുതൽ വിപണിവരെ എന്ന ആശയം ഉൾക്കൊളളുന്ന "നിറവ്" എന്ന പേരിൽ ഒരു പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതുവരെ 42 നിയോജക മണ്ഡലങ്ങളാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുളളത്. ഈ പദ്ധതി കൊണ്ട് ഓരോ പ്രദേശത്തിന്റെയും മണ്ണിന്റെ പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും, വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും, വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും, മൂല്യം വർദ്ധിപ്പിക്കുന്നതിനും, മൂല്യ വർദ്ധനവിലൂടെയും, ഉൽപ്പന്ന വൈവിദ്ധ്യ വത്ക്കരണത്തിലൂടെയും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, അനുബന്ധ മേഖലകളായ കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവയെ ഉൾപ്പെടുത്തി കൊണ്ടുളള വിത്ത് മുതൽ വിപണിവരെയുളള ഒരു സമഗ്ര കാർഷിക വികസന പദ്ധതിയാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ കേരളത്തിലെ പഴം പച്ചക്കറി മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് വിത്ത് മുതൽ വിപണി വരെ ഉല്പാദനത്തിന്റെ എല്ലാ ഘട്ടങ്ങളിലും സഹായം എത്തിക്കുന്നതിനായാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ രൂപീകരിക്കപ്പെട്ടത്. പഴം പച്ചക്കറി മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ സ്വാശ്രയ സംഘങ്ങളുടെ രൂപീകരണം, മാസ്റ്റർ കർഷകരെ തെരഞ്ഞെടുക്കൽ, മികവുറ്റ പരിശീലന

പരിപാടികൾ, കർഷക പങ്കാളിത്തത്തോടെയുള്ള ഗവേഷണ പദ്ധതികൾ, വായ്പാ പദ്ധതി, സ്വാശ്രയ കർഷക സമിതികളുടെ രൂപീകരണം എന്നിവയാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

സെക്ഷൻ ഓഫീസർ